03.12.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 18-01-97

# തന്റെ മുഖത്തിലൂടെ ബാബയുടെ ചരിത്രത്തെ പ്രത്യക്ഷപ്പെടുത്തൂ അപ്പോൾ പ്രത്യക്ഷതയുടെ പെരുമ്പറ മുഴങ്ങും

ഇന്ന് ബാപ്ദാദ രണ്ട് വിശാല സഭകൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഒന്ന് സാകാര രൂപത്തിൽ താങ്കളേ വരും സന്മുഖത്തുണ്ട്, മറ്റൊന്ന് അവ്യക്തരൂപത്തിൽ വിശാലസഭ കാണുകയാണ്. നാനാഭാഗത്തെയും അനേകം കുട്ടികൾ ഈ സമയത്ത് അവ്യക്ത രൂപത്തിൽ ബാബയെ സൻമുഖത്ത് കാണുകയാണ്, കേൾക്കുകയാണ്. രണ്ടു സഭയും ഒന്നിനൊന്ന് പ്രിയമാണ്. ഇന്ന് വിശേഷിച്ച് എല്ലാവരുടെയും ഹൃദയത്തിൽ ബ്രഹ്മാ ബാബയുടെ ഓർമ്മ എമർജാണ്. എന്തുകൊണ്ടെന്നാൽ ബ്രഹ്മാബാബയുടെ ഡ്രാമയിൽ വിശേഷ പാർട്ടാണ്. എല്ലാവർക്കും ബ്രഹ്മാബാബയോട് ഹൃദയത്തിൻറെ സ്നേഹമുണ്ട്. എന്തുകൊണ്ടെന്നാൽ ബ്രഹ്മാബാബക്കും ഓരോരോ കുട്ടികളോടും അതേ സ്നേഹമാണ്. താങ്കൾ കുട്ടികൾ ഇവിടെ സാകാരത്തിൽ ബ്രഹ്മ ബാബയുടെ ഗുണങ്ങളും കർത്തവ്യങ്ങളും ഓർമ്മിയ്ക്കുന്നത് പോലെ ബ്രഹ്മാബാബയും താങ്കൾ കുട്ടികളുടെ വിശേഷതകളുടെ സേവനത്തിന്റെ ഗുണഗാനം ചെയ്യുന്നു. അപ്പോൾ ബ്രഹ്മാബാബയുടെ അവ്യക്ത ശബ്ദം താങ്കൾ ഏവർക്കും എത്തിച്ചേരുന്നുണ്ടോ? താങ്കൾ എല്ലാ വിശേഷപ്പെട്ടവരും വിശേഷിച്ച് അമൃതവേള മുതൽ എന്ത് മധുര മധുരമായ കാര്യങ്ങൾ സംസാരിക്കുന്നുവോ അഥവാ മധുര മധുരമായ പരാതികൾ നൽകുന്നുവോ അത് ബ്രഹ്മാബാബ കേട്ട് പുഞ്ചിരിച്ചു കൊണ്ടിരിക്കുകയാണ്. പിന്നെ എന്ത് ഗുണമാണ് പാടുന്നത്? ആഹാ എന്റെ വളരെ കാലത്തെ തിരികെ കിട്ടിയ ഓമനകളെ ബാബയെ പ്രത്യക്ഷപ്പെടുത്തുന്ന കുട്ടികളെ ആഹാ! ബ്രഹ്മാബാബ ഇനി കുട്ടികളുമായി എന്ത് ശുഭആശകൾ വെക്കുന്നു. അത് അറിയാമോ.

ബാബ ഇതാണ് ആഗ്രഹിക്കുന്നത്- എൻറെ ഓരോ കുട്ടിയും തൻറെ രൂപത്തിലൂടെ ബാബയുടെ ചരിത്രം കാണിക്കണം. മുഖം ഭിന്നഭിന്നമാണ്. എന്നാൽ എല്ലാവരുടെയും മുഖത്തിലൂടെ ബാബയുടെ ചരിത്രം കാണപ്പെടണം. ആര് തന്നെ കണ്ടാലും ആര് സംബന്ധത്തിൽ വന്നാലും അവർ താങ്കളെ കണ്ടു താങ്കളെ മറക്കണം. എന്നാൽ താങ്കളിൽ ബാബ കാണപ്പെടണം, അപ്പോഴേ സമയത്തിന്റെ സമാപ്തി ഉണ്ടാകു. എല്ലാവരുടെയും ഹൃദയത്തിൽനിന്ന് ശബ്ദം പുറപ്പെടണം- എന്റെ ബാബയാണ്. അപ്പോഴേ ഈ ശബ്ദം നാനാഭാഗത്തും പെരുമ്പറ പോലെ മുഴങ്ങുകയുള്ളൂ. സയൻസിന്റെ ഏത് സാധനങ്ങളായാലും ആ സാധനങ്ങളിൽ ഈ പെരുമ്പറ മുഴങ്ങിക്കൊണ്ടിരിക്കും- എൻറെ ബാബ വന്നു. ഇപ്പോൾ എന്തുതന്നെ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിലും വളരെ നല്ലത് ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇപ്പോൾ എല്ലാവരുടെയും ഒന്നിച്ചുള്ള പെരുമ്പറ മുഴങ്ങണം. എവിടെ കേട്ടാലും ഒരേ ശബ്ദം കേൾക്കണം. വരുന്നവർ വരട്ടെ- ഇതിനെയാണ് പറയുന്നത് ബാബയുടെ സ്പഷ്ട പ്രത്യക്ഷത. ഇപ്പോൾ പേര് പ്രസിദ്ധം ആയിട്ടുണ്ട് ആദ്യത്തെ ചുവട് പേര് പ്രത്യക്ഷമായതാണ്. ബ്രഹ്മാകുമാരിമാർ ബ്രഹ്മാകുമാരന്മാർ നല്ല കാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. വിദ്യാലയത്തിന്റെ അഥവാ കാര്യത്തിന്റെ, ജ്ഞാനത്തിന്റെ മഹിമ ഇപ്പോൾ ചെയ്യുന്നു. സന്തോഷിക്കുന്നു. ഇതും മനസ്സിലാക്കുന്നു- ഇങ്ങനെയുള്ള കാര്യം മറ്റാർക്കും ചെയ്യാൻ കഴിയുകയില്ല. ഇത്ര വരെയും എത്തിച്ചേർന്നിട്ടുണ്ട്. ഇക്കാര്യം സ്പഷ്ടമായിട്ടുണ്ട്. നാനാഭാഗത്തും ഈ കാര്യത്തിന്റെ മഹിമയുണ്ട്. എന്നാൽ ഇക്കാര്യത്തിന്റെ സ്പഷ്ടീകരണം ഉണ്ടായിട്ടില്ല. അതായത് ബാപ്ദാദ വന്നിരിക്കുന്നു. ഇപ്പോൾ കുറേശ്ശെ കുറേശ്ശെ തിരശ്ശീല നീങ്ങുകയാണ്. എന്നാൽ സ്പഷ്ടമല്ല. അറിയുകയും ചെയ്യാം ഇവരുടെ നട്ടെല്ല് ഏതോ ശക്തിയാണ്. എന്നാൽ അതാണ് ബാപ്ദാദ . ഞങ്ങൾക്കും ബാബയിൽ നിന്ന് സമ്പത്ത് എടുക്കണം. ഈ മതിൽ ഇപ്പോൾ ഉണർവുത്സാഹത്തിൽ മുന്നോട്ടു വരികയാണ്. അത് ഇപ്പോൾ സംഭവിക്കണം. ഒരു ചുവട് ഉയർത്തുന്നുണ്ട്. ഒരു ചുവടാണ് സഹയോഗത്തിന്റെ. ഒരു ചുവട് വയ്ക്കുന്നുണ്ട്. സഹയോഗം നൽകാനുള്ള പ്രേരണ ഉള്ളിൽ വരുന്നുണ്ട്. ഇപ്പോൾ അടുത്ത ചുവടാണ് സ്വയം സമ്പത്ത് എടുക്കുവാനുള്ള ഉണർവിലേക്ക് വരിക. രണ്ടു ചുവടും ലഭിച്ചാൽ പിന്നെ നാനാഭാഗത്തും വാദ്യം മുഴങ്ങും. ഏതു വാദ്യം- എൻറെ ബാബ. നിൻറെ ബാബയല്ല. എൻറെ ബാബ. എങ്ങനെ കാര്യത്തിന്റെ മഹിമ ചെയ്യുന്നുവോ, ഇങ്ങനെ ചെയ്യുന്നവനും ചെയ്യിക്കുന്നവനുമായ ബാബയുടെ മഹിമ സന്തോഷത്തോടെ പാടണം. സംഭവിക്കേണ്ടത് തന്നെയാണ് താങ്കൾക്കും ഈ ദൃശ്യം കൺമുന്നിൽ ഹൃദയത്തിൽ ബുദ്ധിയിൽ വരുന്നില്ലേ. എന്തെന്നാൽ ബാബയും ദാദയും വന്നിരിക്കുന്നു. എല്ലാ കുട്ടികൾക്കും സമ്പത്ത് നൽകുന്നതിന് വേണ്ടി. മുക്തിയുടേതാകട്ടെ ജീവിത മുക്തിയുടെതാകട്ടെ. എന്നാൽ സമ്പത്ത് തീർച്ചയായും ലഭിക്കണം ആരും വഞ്ചിതരായി പോകരുത്. എന്തെന്നാൽ ബാബ പരിധിയില്ലാത്ത അധികാരിയാണ്. പരിധിയില്ലാത്ത അച്ഛനാണ്. അപ്പോൾ പരിധിയില്ലാത്ത അത്രയും പേർക്ക് സമ്പത്ത് എടുക്കുക തന്നെ വേണം യോഗ ബലത്തിലൂടെ തൻറെ ജന്മജന്മത്തെ പാപം കളയാൻ സാധിച്ചില്ലെങ്കിലും പക്ഷേ കേവലം ഇത്രയും

അറിഞ്ഞു– ബാബ വന്നിരിക്കുന്നു. അപ്പോൾ എന്തെങ്കിലും എന്തെങ്കിലും തിരിച്ചറിവിലൂടെ സമ്പത്തിന്റെ അധികാരി ആവുക തന്നെ ചെയ്യും. ബാബയ്ക്ക് പരിധിയില്ലാത്ത സമ്പത്ത് നൽകാനുള്ള സങ്കല്പം ഉള്ള തുപോലെ നിശ്ചിതമായും സംഭവിക്കുക തന്നെ വേണം. ഇങ്ങനെ താങ്കൾ എല്ലാവരുടെയും ഹൃദയത്തി ൽ ഈ ശുഭഭാവന, ശുഭകാമന ഉൽപ്പന്നമാകുന്നുണ്ടോ– ഞങ്ങളുടെ എല്ലാ സഹോദരി സഹോദരന്മാരും പരിധിയില്ലാത്ത സമ്പത്തിന് അധികാരിയായി മാറും? അപ്പോൾ ഈ ശുഭഭാവനെയും ശുഭകാമനയും ഏ തുവരെ പ്രത്യക്ഷ രൂപത്തിൽ ചെയ്യും? അതിൻറെ തീയതി ആദ്യം സ്വന്തം ഹൃദയത്തിൽ നിശ്ചയിക്കൂ. സം ഘടനയിൽ നിന്നും ആദ്യം ഹൃദയത്തിൽ ചെയ്യും. പിന്നീട് സംഘടനയിൽ ചെയ്യൂ എങ്കിൽ വിനാശത്തിന്റെ തീയതി സ്വയമേവ സ്പഷ്ടമായിക്കോളും. അതിൻറെ ചിന്ത വെക്കാതിരിക്കുക. ദയ തോന്നുന്നുവോ അതോ ഇതേ ആനന്ദത്തിൽ കഴിയുകയാണോ ഞാൻ അധികാരിയായി മാറി ? ആനന്ദത്തിൽ കഴിയൂ ഇത് വളരെ നല്ലതാണ്, എന്നാൽ ദയാമനസ്കരായ ബാബയുടെ മക്കൾ ഇപ്പോൾ പരിധിയില്ലാത്തവരിൽ ദയ കാണി ക്കൂ. എപ്പോൾ മറ്റുള്ളവരോട് ദയ ഉണ്ടാകുന്നുവോ അപ്പോൾ തനിക്ക് മേൽ ദയ വരും പിന്നീട് ഏത് ഒരേ യൊരു ചെറിയ കാര്യത്തിലെ താങ്കൾക്ക് പുരുഷാർത്ഥം ചെയ്യേണ്ടതുള്ളുവോ അത് ചെയ്യേണ്ടതിന്റെ ആ വശ്യമുണ്ടാകില്ല. മാസ്റ്റർ ദയാമനസ്കൻ മാസ്റ്റർ ദയാലു , കരുണാവാൻ ആയി മാറു. ഈ ഗുണത്തെ എമർജ് ചെയ്യു. അപ്പോൾ മറ്റുള്ളവർക്ക് മേൽ ദയ കാണിക്കുന്നതിലൂടെ അവനവന് മേൽ ദയ തനിയെ വ രും.

ബാപ് ദാദ ആദ്യമേ കേൾപ്പിച്ചു– ബാപ് ദാദയ്ക്ക് കുട്ടികളുടെ ഏതു കാര്യം നല്ലതായി തോന്നുന്നില്ല. അ റിയാമോ? ബാപ്ദാദയ്ക്ക് കുട്ടികളുടെ പരിശ്രമം ചെയ്യുക അല്ലെങ്കിൽ വീണ്ടും വീണ്ടും യുദ്ധം ചെയ്യുക ഇത് നല്ലതായി തോന്നുന്നില്ല ബാബ പറയുന്നുമുണ്ട്. അല്ലയോ എൻറെ യോഗി കുട്ടികളെ. യോദ്ധാ കുട്ടി കളെ എന്ന് പറയുന്നില്ല യോഗികുട്ടികൾ . അപ്പോൾ യോഗികുട്ടികളുടെ ജോലി എന്താണ്? യുദ്ധം ചെയ്യു ക. യുദ്ധം ചെയ്യുന്നത് നല്ലതായി തോന്നുന്നുണ്ടോ പരവശരാകുന്നുമുണ്ട്. പിന്നീട് യുദ്ധവും ചെയ്യുന്നു ണ്ട്. ഇന്ന് പ്രതിജ്ഞ ചെയ്യുന്നു യുദ്ധം ചെയ്യുകയില്ല. കുറച്ച് സമയത്തിന് ശേഷം പിന്നീട് യോഗത്തിനു പ കരം യോദ്ധാക്കളായി മാറുന്നു. ഇത് എന്തുകൊണ്ടാണ്? മനസ്സിലാക്കുന്നു– കുട്ടികൾക്ക് യോഗത്തിനോട് സ്നേഹം കുറവാണ് യുദ്ധത്തിനോട് സ്നേഹം കൂടുതലാണ്. അപ്പോൾ ഇന്നുമുതൽ എന്ത് ചെയ്യും യോദ്ധാവ് ആകുമോ അതോ നിരന്തരയോഗി ആകുമോ ?

ബാപ്ദാദ കണ്ടു എത്ര ജനുവരി 18 കടന്നുപോയി. വിശേഷിച്ച് ബ്രഹ്മാബാബ താങ്കൾ കുട്ടികളുടെ ആഹ്വാനം ചെയ്യുകയാണ്– എൻറെ കുട്ടികളെ സമാനമായി വതനത്തിൽ വരൂ വതനം നല്ലതായി തോന്നു ന്നുണ്ടോ എന്താ യുദ്ധം ചെയ്യുന്നതാണോ നല്ലതായി തോന്നുന്നത്? യുദ്ധം ചെയ്യാതിരിക്കുക. ഇന്നുമുത ൽ യുദ്ധം ചെയ്യുന്നത് നിർത്തൂ. ചെയ്യാൻ കഴിയുമോ? പറയൂ ഹാം ജി. പിന്നെ അവിടെ പോയി കത്തെഴു തരുത് മായ വന്നു, യുദ്ധം ചെയ്ത് ഓടിച്ചു! ചിലർക്ക് അവനവൻറെ മായ വരുന്നു. മറ്റു ചിലർക്ക് മറ്റുള്ള വരുടെ മായ കണ്ട് സ്വയം മായയുടെ പ്രഭാവത്തിൽ വരുന്നു. ഇത് എന്തുകൊണ്ടാണ്, ഇത് എന്താണ്.... ഇ ത് മറ്റുള്ളവരുടെ മായ തനിക്കുള്ളിലേക്ക് കൊണ്ടുവരുന്നു. ഇതും ചെയ്യരുത്. മായയിൽ നിന്നും വിടുവി ക്കുന്നത് ബാബയുടെ ജോലിയാണ്. താങ്കൾ സ്വപുരുഷാർത്ഥത്തിൽ തീവ്രമാകു. അപ്പോൾ താങ്കളുടെ വൈബ്രേഷനിലൂടെ, മനോവൃത്തിയിലൂടെ,ശുഭഭാവനയിലൂടെ മറ്റുള്ളവരുടെ മായ സഹജമായി ഓടിപ്പോകും. അഥവാ എന്തുകൊണ്ട്, എന്ത് എന്നതിൽ പോവുകയാണെങ്കിൽ താങ്കളുടെ മായയും പോകുകയില്ല, മറ്റു ള്ളവരുടെ മായയും പോവുകയില്ല. അതിനാൽ പുതിയ വർഷത്തിൽ പഴയ വർഷത്തിന് വിട നൽകുന്നത് പോലെ. ഇപ്പോൾ 96 എന്ന് പറയുകയില്ല 97 എന്നല്ലേ പറയുക. അഥവാ ആരെങ്കിലും തെറ്റായി പറഞ്ഞു വെങ്കിൽ താങ്കൾ പറയും 96 അല്ല 97 ആണ് . ഇങ്ങനെ ഇന്ന് എന്തുകൊണ്ട്, എന്ത്, ഇങ്ങനെ– അങ്ങനെ ഈ വാക്കുകൾക്ക് വിട പറയൂ. ചോദ്യചിഹ്നം ഇടാതിരിക്കൂ. ബിന്ദുവിടു ഇല്ലെങ്കിൽ ചോദ്യചിഹ്നം ഉണ്ടാകുന്നു വ്യർത്ഥത്തിന്റെ കണക്ക് ആരംഭിക്കുന്നു. എപ്പോൾ വ്യർത്ഥത്തിന്റെ കണക്ക് ആരംഭിച്ചുവോ അപ്പോൾ സമർത്ഥത സമാപ്തമായി. എവിടെ സമർത്ഥത സമാപ്തമായോ അവിടെ മായ ഭിന്നഭിന്ന രൂപത്തിൽ ഭിന്ന ഭിന്ന സാഹചര്യങ്ങളിലൂടെ തൻറെ ഉപഭോക്താവാക്കി മാറ്റുന്നു. പിന്നീട് എന്തായി മാറും യോഗിയോ അതോ യോദ്ധാവോ? യോദ്ധാവായി മാറരുത്. പക്കാ പ്രതിജ്ഞ ചെയ്തുവോ ? അതോ ബാപ്ദാദ പറയു ന്നു അതുകൊണ്ട് ശരി. പക്കയാക്കിയോ? പുറത്ത് സ്വന്തം സ്ഥലത്ത് പോകുമ്പോൾ അല്പം കച്ചയാ കുമോ? ശക്തികൾ എന്തുപറയുന്നു നടക്കുമോ ഇല്ലയോ? എല്ലാവരും ശരി പറയുന്നില്ല അതായത് അ ല്പം അവനവനിൽ സംശയമുണ്ട് (എല്ലാവരും ഹാം ജി പറഞ്ഞു )നോക്കണം ടിവിയിൽ ഫോട്ടോ എടു ക്കുന്നുണ്ട് പിന്നെ ബാപ്ദാദ ടിവിയുടെ കാസറ്റ് അയക്കും. എന്തുകൊണ്ട് എന്നാൽ ബാബയ്ക്ക് ഓരോ കുട്ടിയോടും– പുതിയവർ ആയിക്കോട്ടെ, പഴയവർ ആയിക്കോട്ടെ, എന്നാൽ ആരാണ് ഹൃദയംകൊണ്ട് പ റഞ്ഞത് എൻറെ ബാബ വെറുതെ പറയുകയല്ല. എന്നാൽ അംഗീകരിച്ചു അംഗീകരിച്ചുകൊണ്ട് പൊയ്

ക്കൊണ്ടിരിക്കുന്നു. ആ ഓരോരുത്തരോടും ബാബയ്ക്ക് ഹൃദയത്തിൻറെ സ്നേഹമാണ് പറയാനുള്ള സ്നേഹം അല്ല.

ബാപ്ദാദ ധാരാളം കുട്ടികളുടെ നിറം കാണുന്നുണ്ട്. ഇന്ന് പറയും ബാബാ, ഓ എൻറെ ബാബ, ഓ മധുരമായ ബാബ... എന്തുപറയും.. എന്ത് പറയാതിരിക്കും... അങ്ങ് തന്നെയാണ് എൻറെ ലോകം, വളരെ മധുര മധുരമായ കാര്യങ്ങൾ പറയുന്നു രണ്ട് നാല് മണിക്കൂറുകൾ കഴിഞ്ഞ് അഥവാ എന്തെങ്കിലും പ്രശ്നം വന്നു എങ്കിൽ ഭൂതം വന്നുചേരുന്നു. പ്രശ്നം വന്നില്ല ഭൂതം വന്നു.ബാപ്ദാദയുടെ അടുക്കൽ എല്ലാവരുടെയും ദൂരം പിടിച്ച ഫോട്ടോവും ഉണ്ട്. നോക്കൂ ഒരു ഓർമ്മചിഹ്നവും ഭൂതനാഥന്റേതാണ്. അപ്പോൾ ഭൂതങ്ങളെയും ബാപ്ദാദ കാണുന്നുണ്ട്– എവിടെ നിന്ന് വന്നു, എങ്ങനെ വന്നു, എങ്ങനെ ഓടിക്കുന്നു ഈ കളിയും കണ്ടുകൊണ്ടിരിക്കുകയാണ്. ചിലർ പരിഭ്രമിച്ച് നിരാശരും ആകുന്നു. ബാപ്ദാദയ്ക്ക് പിന്നീട് സങ്കല്പം വരുന്നു ഇവർക്ക് ആരിലൂടെ എങ്കിലും സഞ്ജീവനി മരുന്ന് കഴിപ്പിച്ച് ബോധം വരുത്തണം . എന്നാൽ അവർ മോഹാലസ്യത്തിൽ ഇത്രയും ഉന്മത്തരാകുന്നു– സഞ്ജീവനി മരുന്നിനെ കാണുന്നതേയില്ല. ഇങ്ങനെ ചെയ്യരുത്. മുഴുവൻ ബോധവും നഷ്ടപ്പെടുത്തരുത്, അല്പം വെക്കുക അല്പമെങ്കിലും ബോധം ഉണ്ടെങ്കിലേ രക്ഷപ്പെടു.

ബാപ്ദാദ ആദ്യമേ കേൾപ്പിച്ചു –ഈ ഫൈനൽ പഠിപ്പിൽ ഓരോ കുട്ടികൾക്കും മൂന്നു സർട്ടിഫിക്കറ്റ് എടുക്കണം. ഒന്ന് സ്വയം, സ്വയത്തിൽ സന്തുഷ്ടം ഈ സർട്ടിഫിക്കറ്റ്. അടുത്തത് ബാപ്ദാദയിലൂടെ സർട്ടിഫിക്കറ്റ്. മൂന്നാമത് പരിവാരത്തിന്റെ സംബന്ധ സമ്പർക്കത്തിൽ വരുന്നവരിലൂടെ സർട്ടിഫിക്കറ്റ്. ഈ മൂന്ന് സർട്ടിഫിക്കറ്റ് എപ്പോൾ ലഭിക്കുന്നു അപ്പോൾ മനസ്സിലാക്കാം പഠിപ്പ് പൂർത്തിയായി. ഇങ്ങനെ കരുതരുത് ബാപ് ദാദ എന്നോട് സന്തുഷ്ടമാണ്.എന്നാൽ മൂന്ന് സർട്ടിഫിക്കറ്റും വേണം. ഒന്ന് കൊണ്ട് പറ്റില്ല. അപ്പോൾ പരിശോധിക്കു മൂന്നു സർട്ടിഫിക്കറ്റിൽ എത്ര സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ബാബയെ കൂടാതെയും ഒന്നും ലഭിക്കുകയില്ല എന്നാൽ പരിവാരത്തിന്റെ സന്തുഷ്ടതയുടെ സർട്ടിഫിക്കറ്റ് ഇതിലൂടെയും വളരെ പലതും ലഭിക്കുന്നു. പരിവാരത്തിൽ എത്ര ആത്മാക്കളിൽ സർട്ടിഫിക്കറ്റ് ആർക്ക് ലഭിക്കുന്നു എത്ര ബ്രാഹ്മണർ സന്തുഷ്ടരാണ് അത്രയും ഭക്തരും താങ്കളുടെ പൂജ സന്തുഷ്ടതയോടെ ചെയ്യും ജോലി തീർക്കാൻ അല്ല ഹൃദയം കൊണ്ട് ചെയ്യും. അപ്പോൾ ഇവിടെ ബ്രാഹ്മണ ജീവിതത്തിൽ എത്ര ബ്രാഹ്മണർക്ക് താങ്കളോട് സ്നേഹവും ബഹുമാനവും അതായത് ആദരവ് ഉണ്ടാകുമോ ഹൃദയം കൊണ്ട് സന്തുഷ്ടമാകുമോ അത്രയും പൂജ്യരാകും. പൂജ്യർക്ക് സ്നേഹവും ബഹുമാനവും ഉണ്ടാകുന്നു. എപ്പോഴെപ്പോൾ ജഡ ചിത്രത്തിൻറെ പൂജ ഉണ്ടാകുമോ അപ്പോൾ ഇത്രയും തന്നെ സ്നേഹവും ബഹുമാനവും ലഭിക്കും. മുഴുവൻ കൽപ്പത്തിന്റെ പ്രാലബ്ധം ഇപ്പോൾ ഉണ്ടാക്കണം. വെറും അര കൽപ്പത്തെ രാജ്യത്തിൻറെ പ്രാലബ്ധമല്ല പൂജയുടെ പ്രാലബ്ധവും ഇപ്പോൾ ഉണ്ടാക്കുന്നു. ഇങ്ങനെ വിചാരിക്കരുത് എനിക്ക് ബാബയോട് മാത്രമേ കാര്യമുള്ളൂ. ഇല്ല. ബാബയ്ക്ക് പരിവാരത്തോട് എത്ര സ്നേഹമാണ്. അപ്പോൾ ഫോളോ ഫാദർ ചെയ്യൂ. ബ്രഹ്മാബാബയെ കണ്ടു എങ്ങനെയുള്ള കുട്ടി ആയാലും ശിക്ഷാ ദാതാവായി ശിക്ഷണവും നൽകുന്നു. എന്നാൽ ശിക്ഷണത്തിനൊപ്പം സ്നേഹവും ഹൃദയത്തിൽ വയ്ക്കുന്നു. സ്നേഹം കൈകളുടെ ഒന്നുമല്ല. എന്നാൽ സ്നേഹത്തിൻറെ ലക്ഷണമാണ്. തൻറെ ശുഭഭാവനയിലൂടെ ശുഭ കാമനയോടെ എങ്ങനെയുള്ള മായക്ക് വശപ്പെട്ട ആത്മാവിനെയും പരിവർത്തനപ്പെടുത്തുക. ആരായാലും എങ്ങനെയുള്ളവരായാലും വെറുപ്പിന്റെ ഭാവം വരരുത് –ഇവർ മാറാനെ പോകുന്നില്ല, ഇവർ ഇങ്ങനെ തന്നെയാണ്. അരുത്. ഇപ്പോൾ ആവശ്യകത ദയാമനസ്കരാകേണ്ടതിന്റെയാണ്. എന്തുകൊണ്ട്എന്നാൽ പല കുട്ടികളും ദുർബലരായതിനാൽ തന്റെ ശക്തിയാൽ ഏതെങ്കിലും വലിയ സമസ്യയിൽ നിന്നും മറികടക്കാൻ കഴിയുന്നില്ല. അപ്പോൾ താങ്കൾ സഹയോഗിയാകു. എന്തിലൂടെ കേവലം ശിക്ഷണത്തിലൂടെ അല്ല. ഇന്നത്തെ കാലത്ത് ശിക്ഷണം സ്നേഹം അല്ലെങ്കിൽ ശുഭഭാവനയുടെ അല്ലാതെ ആർക്കും കേൾക്കാൻ കഴിയുകയില്ല. ഇത് ഫൈനൽ റിസൽട്ട് ആണ്. ശിക്ഷണം പ്രയോജനപെടുകയില്ല. എന്നാൽ ശിക്ഷണത്തിനൊപ്പം ശുഭ ഭാവന, ദയാമനസ്കത– ഇത് സഹജമായി കാര്യം ചെയ്യുന്നു. ബ്രഹ്മ ബാബയെ കണ്ടതുപോലെ അറിയുകയും ചെയ്യാം ഇന്ന് ഈ കുട്ടി തെറ്റ് ചെയ്തു. അപ്പോഴും ആ കുട്ടിക്ക് ശിക്ഷണവും രീതിയിൽ, യുക്തിയിൽ നൽകുന്നു. പിന്നീട് അവരെ വളരെ സ്നേഹിക്കുകയും ചെയ്യുന്നു. അതിലൂടെ അവർ മനസ്സിലാക്കുന്നു. ബാബയ്ക്ക് സ്നേഹമുണ്ട്. സ്നേഹത്തിൽ തെറ്റിനെ തിരിച്ചറിയാനുള്ള ശക്തി അവരിൽ വരുന്നു. അപ്പോൾ ബ്രഹ്മാബാബയെ ഇന്ന് വളരെ ഓർമ്മിച്ചുവല്ലോ. അപ്പോൾ ഫോളോ ഫാദർ ബാബയ്ക്ക് സമാനം ആകുന്നതിനുള്ള ധൈര്യമുണ്ടോ? ധൈര്യത്തിന് ആശംസകൾ. ബാപ്ദാദ താങ്കളുടെ ഹൃദയത്തിൻറെ കയ്യടികൾ ആദ്യമേ കേൾക്കുന്നു. താങ്കൾ സന്തോഷത്തോടെ കയ്യടിക്കുന്നു. എന്നാൽ ബാബയ്ക്ക് ഹൃദയത്തിൻറെ കയ്യടികൾ ആദ്യം എത്തിച്ചേരുന്നു.

ബാപ്ദാദയും ചിരിയുടെ കാര്യം കേൾപ്പിക്കുന്നു. ബ്രഹ്മാബാബയുടെ ആത്മീയ സംഭാഷണം നടന്നു. അപ്പോൾ ബ്രഹ്മാബാബ പറയുന്നു എനിക്ക് ഒരു കാര്യത്തിൽ ഡേറ്റ് കോൺഷ്യസ്നെസ് ഉണ്ട് .കുട്ടികളോട് പറയുന്നു ഡേറ്റ് കോൺഷ്യസ് ആകരുത്. എന്നാൽ ബ്രഹ്മാബാബ ഒരു കാര്യത്തിൽ ഡേറ്റ്കോൺഷ്യസ് ആണ് .ഏതു ഡേറ്റ് ?എപ്പോഴാണ് എൻറെ ഓരോരോ കുട്ടിയും ജീവൻ മുക്തരാകുക ! ഇങ്ങനെ വിചാരിക്കരുത് – അന്തിമത്തിൽ ജീവൻമുക്തരാകും, ഇല്ല . വളരെക്കാലത്തെ ജീവൻമുക്ത സ്ഥിതിയുടെ അഭ്യാസം വളരെക്കാലം ജീവൻമുക്ത രാജ്യഭാഗ്യത്തിന്റെ അധികാരി ആക്കും. അതിനുമുമ്പ് താങ്കൾ എല്ലാവരും ജീവൻമുക്തരാകൂ. അപ്പോൾ താങ്കൾ ജീവൻമുക്ത സ്ഥിതിയുള്ളവരുടെ പ്രഭാവം ജീവൻ ബന്ധനമുള്ള ആത്മാക്കളുടെയും ബന്ധനം സമാപ്തമാക്കും. അപ്പോൾ ഈ സേവനം ചെയ്യേണ്ടേ, ചെയ്യണമല്ലോ. അപ്പോൾ താങ്കൾ ബ്രഹ്മാബാബയ്ക്ക് ഡേറ്റ് കോൺഷ്യസ്ന്റെ മറുപടി നൽകു. ആ തീയതി എപ്പോൾ ഉണ്ടാകും എല്ലാവരും ജീവൻമുക്തരാകുന്നത്? ഒരു ബന്ധനവും ഇല്ല. ബന്ധനങ്ങളുടെ നീണ്ട ലിസ്റ്റ് വർണ്ണിക്കുന്നു, ക്ലാസുകൾ ചെയ്യിക്കുന്നു. അപ്പോൾ ബന്ധനങ്ങളുടെ വലിയ നീണ്ട ലിസ്റ്റ് പുറത്തിറക്കുന്നു എന്നാൽ ബാബ പറയുന്നു. എല്ലാ ബന്ധനങ്ങളിലും ആദ്യത്തെ ഒരു ബന്ധനമാണ്– ദേഹ ബോധത്തിന്റെ ബന്ധനം. അതിൽ നിന്നും മുക്തമാകു . ദേഹമല്ല എങ്കിൽ മറ്റു ബന്ധനങ്ങൾ സ്വതവേ സമാപ്തമാകും. സ്വയം വർത്തമാനസമയം ഞാൻ ടീച്ചറാണ്, ഞാൻ വിദ്യാർത്ഥിയാണ്, ഞാൻ സേവാധാരിയാണ്, ഇത് മനസ്സിലാക്കുന്നതിന് പകരം അമൃതവേള മുതൽ ഈ അഭ്യാസം ചെയ്യൂ –ഞാൻ ശ്രേഷ്ഠ ആത്മാവ് മുകളിൽ നിന്ന് വന്നിരിക്കുന്നു. ഈ പഴയ ലോകത്തിൽ പഴയ ശരീരത്തിൽ സേവനത്തിന് വേണ്ടി ഞാൻ ആത്മാവാണ് ഈ പാഠം ഇനിയും പക്കയാക്കു. താങ്കൾ ആത്മാവിൻറെ ബോധം ധാരണ ചെയ്യു. അപ്പോൾ ഈ ആത്മീയ ബോധം മായയുടെ ബോധത്തെ സദാകാലത്തേക്ക് ഇല്ലാതാക്കി തരും. എന്നാൽ ആത്മാവിൻറെ ബോധം. ഇത് ഇപ്പോൾ നടക്കുമ്പോഴും കറങ്ങുമ്പോഴും സ്മൃതിയിൽ ഉണ്ടാകണം അത് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ബ്രഹ്മാബാബ ആത്മാവിൻറെ പാഠം ആദ്യം മുതൽ എത്ര പക്കയാക്കി. ചുവരുകളിലും ഞാൻ ആത്മാവാണ്, കുടുംബത്തിലുള്ളവർ ആത്മാവാണ്, ഓരോരുത്തരുടെയും പേരോടെ ചുവരുകളിലും ഈ പാഠം പക്കയാക്കി. ഡയറികൾ നിറച്ചു– ഞാൻ ആത്മാവാണ്, ഇവരും ആത്മാവാണ്, ഇവരും ആത്മാവാണ്. താങ്കൾ ആത്മാവിൻറെ പാഠം ഇത്രയും പക്കയാക്കിയോ? ഞാൻ സേവാധാരിയാണ് –ഈ പാഠം കുറച്ച് പക്കയായി തോന്നുന്നു. എന്നാൽ ആത്മാവ് സേവാധാരിയാണ്. അപ്പോൾ ജീവൻമുക്തമായി മാറും. പതിവായി ശരീരത്തിന് മുകളിൽ അവതരിതമാണ്, ഞാൻ അവതാരമാണ്, ഈ ശരീരത്തിൽ അവതരിച്ച ആത്മാവാണ്. പിന്നെ യുദ്ധം ചെയ്യേണ്ടി വരില്ല.ആത്മാവ് ബിന്ദുവല്ലേ അപ്പോൾ എല്ലാ കാര്യങ്ങൾക്കും ബിന്ദു ആകും. എങ്ങനെയുള്ള ആത്മാവാണ്? എന്നും ഒരു പുതിയ പുതിയ ടൈറ്റിൽ സ്മൃതിയിൽ വയ്ക്കു . താങ്കളുടെ അടുക്കൽ വളരെയേറെ ടൈറ്റിലുകളുടെ ലിസ്റ്റ് ഇല്ലേ. എന്നും പുതിയ ടൈറ്റിൽ സ്മൃതിയിൽ വയ്ക്കു– ഞാൻ ഇങ്ങനെയുള്ള ശ്രേഷ്ഠാത്മാവാണ്. സഹജമാണോ അതോ പ്രയാസമാണോ ?ആത്മാവ് ബിന്ദുരൂപത്തിൽ കഴിയും, എങ്കിൽ ഡ്രാമ ബിന്ദുവും കാര്യത്തിൽ വരും, സമസ്യകൾക്കും സെക്കൻഡിൽ ബിന്ദുവിടാൻ കഴിയും, ബിന്ദുവായി പരമധാമത്തിൽ ബിന്ദു പോകും. അതോ നേരെ സ്വർഗ്ഗത്തിൽ പോകുമോ? എവിടേക്ക് പോകും? ആദ്യം വീട്ടിലേക്ക് പോകുമോ? അതോ രാജ്യത്തിൽ പോകുമോ ?ബാബയോടൊപ്പം വീട് വരെ പോകണ്ടേ, അതോ നേരെ രാജ്യത്തിലേക്ക് പോകുമോ? ബാബയോട് ചോദിക്കുകയില്ല !അപ്പോൾ ബിന്ദു ബാബയോടൊപ്പം ബിന്ദുവായി ആദ്യം വീട്ടിൽ പോകണം. അങ്ങനെ രാജ്യത്തിൻറെ പാസ്പോർട്ട് ലഭിക്കുകയില്ല. പരമധാമത്തിൽ നിന്നും രാജധാനിയിൽ പോകാനുള്ള പാസ്പോർട്ട് തനിയെ ലഭിച്ചോളും. ആർക്കും നൽകേണ്ടതിന്റെ ആവശ്യകത ഇല്ല. എത്രത്തോളം സമീപം ആകുമോ അത്രയും യഥാക്രമം പരമധാമത്തിൽ നിന്നും രാജ്യത്തിൽ വരും. പരം ധാമത്തിൽ നിന്ന് ആദ്യം എങ്ങനെയുള്ള ആത്മാവ് പോകും, ആർക്കൊപ്പം പോകും, ബ്രഹ്മ ബാബയുടെ ഒപ്പം പോകും. എല്ലാവരും രാജ്യത്തിലേക്കും ഒപ്പം പോകും. അതോ രണ്ടാമതോ മൂന്നാമതോ ജന്മത്തിൽ വരുമോ പോകേണ്ടേ, സ്നേഹം ഇല്ലേ. ബ്രഹ്മാബാബ വിടുകയില്ല, ഒപ്പം പോകുമോ അപ്പോൾ ബാപ്ദാദയ്ക്ക് തീയതി പറഞ്ഞു കൊടുക്കുമോ ഇല്ലയോ? (ബാപ്ദാദ പറയട്ടെ) ബാപ്ദാദ പറയുന്നു അപ്പോൾ അപ്പോൾ ബാബയ്ക്കും ഡേറ്റ് കോൺഷ്യസിൽ നിന്നും മാറാം. നോക്കൂ ബ്രഹ്മാബാബ നാളെയെ നോക്കിയോ.ഉടൻ ദാനം മഹാദാനം ചെയ്തു തീവ്രപുരുഷാർത്ഥം ആദ്യപുരുഷാർത്ഥം ചെയ്തു നാളെയെ നോക്കിയില്ല.നാളെ എന്താകും പരിവാരം എങ്ങനെ നടക്കും ചിന്തിച്ചുവോ ഇന്ന് എന്ത് നടക്കുന്നുവോ അതോ നല്ലതാണ് നാളെ എന്ത് നടക്കുമോ അതും നല്ലത് അപ്പോൾ ഉടൻ ദാനം മഹാപുണ്യം ആദ്യ നമ്പറിന്റെ മഹാനായി. ഇപ്പോൾ കുട്ടികൾക്ക് ഉടൻ ദാനി ആകണം. സങ്കല്പം ചെയ്തു. ഉടനെ ദാനം മഹാബലി ആകുക .എപ്പോൾ കൈ ഉയർത്തുന്നുവോ ആദ്യ ഡിവിഷനിൽ ആര് വരും. അപ്പോൾ എല്ലാവരും കൈ ഉയർത്തുന്നു. ഇപ്പോഴും ഉയർത്തിക്കുകയാണെങ്കിൽ എല്ലാവരും ഉയർത്തും. ബാപ്ദാദ അറിയുന്ന ആരും കൈതാഴ്ത്തുകയില്ല. ആദ്യ ഡിവിഷനിൽ വരണം, എങ്കിൽ ആദ്യ നമ്പറിനെ ഫോളോ ചെയ്യൂ ഫോ

ളോ ചെയ്യുക സഹജമാണ്– ബ്രഹ്മാബാബയുടെ ചുവടിൻമേൽ ചുവട് വയ്ക്കു. അത്രമാത്രം കോപ്പി ചെയ്യൂ, കോപ്പി ചെയ്യാൻ അറിയാമല്ലോ. അതോ അറിയില്ലേ, പിന്തുടരുവാൻ അറിയില്ലേ. പിന്നെ എന്തു ചെയ്യണം. ശരി

ഇപ്പോൾ ആരെല്ലാം ഇരിക്കുന്നുവോ ഒരു സെക്കൻഡ് അശരീരി ആത്മീയ സ്ഥിതിയിൽ സ്ഥിതിചെയ്യു. ശരീര ബോധത്തിൽ വരാതിരിക്കൂ. ആത്മാവ് പരമാത്മാവുമായി മിലനം ആഘോഷിക്കുകയാണ് (ബാപ്ദാദ ഡ്രിൽ ചെയ്യിച്ചു ) ഇങ്ങനെ അഭ്യാസം പലതവണ കർമ്മം ചെയ്തുകൊണ്ട് ചെയ്തുകൊണ്ടിരിക്കു. സ്വിച്ച് ഓൺ ചെയ്തു സെക്കൻഡിൽ അശരീരിയാകുന്നു ഈ അഭ്യാസം കർമ്മതീത സ്ഥിതിയുടെ അനുഭവം ചെയ്യിക്കും.

നാനാ ഭാഗത്തെയും സദാ സമർഥ ആത്മാക്കൾക്ക്, സദാ ബാപ്ദാദയെ പിന്തുടരുന്ന സഹജപുരുഷാർഥി കുട്ടികൾക്ക്, സദാ ഒരു ബാബ എന്ന ഏകാഗ്ര ബുദ്ധി ഏക രസ സ്ഥിതിയിൽ സ്ഥിതിചെയ്യുന്ന ബിന്ദുവായി ബിന്ദുവായ ബാബയ്ക്കൊപ്പം പോകുന്ന ഇങ്ങനെയുള്ള സർവ്വ ബാബയുടെ സ്നേഹി , സഹയോഗി , സേവാധാരി കുട്ടികൾക്കും ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്തേയും

**വരദാനം : അവിനാശി സുമംഗലതയുടെയും ഭാഗ്യത്തിന്റെയും തിലകധാരിയിൽ നിന്ന് ഭാവിയുടെ രാജ്യതിലകധാരിയായി ഭവിക്കട്ടെ.**

സംഗമയുഗത്തിൽ ദേവന്മാരുടെയും ദേവൻറെ സുമംഗലതയും പരമാത്മ അഥവാ ഈശ്വരീയ സന്താനത്തിന്റെ ഭാഗ്യത്തിന്റെ തിലകവും പ്രാപ്തമാകുന്നു. അഥവാ ഈ സുമംഗലതയുടെയും ഭാഗ്യത്തിന്റെയും തിലകം അവിനാശി ആണെങ്കിൽ, മായ ഈ തിലകത്തെ മായ്ക്കുന്നില്ലെങ്കിൽ, ഇവിടത്തെ സുമംഗലതയും ഭാഗ്യത്തിന്റെയും തിലകധാരിയിൽ നിന്ന് ഭാവിയുടെ രാജ്യതിലകധാരി ആകുന്നു. ഓരോ ജന്മത്തിൽ രാജ്യതിലകത്തിന്റെ ഉത്സവം ഉണ്ടാകുന്നു. രാജാവിനൊപ്പം റോയൽ കുടുംബത്തിന്റെയും തിലക ദിവസം ആചരിക്കപ്പെടുന്നു.

**സ്ലോഗൻ: സദാ ഒന്നിന്റെ സ്നേഹത്തിൽ മുഴുകിയിരിക്കുന്നു എങ്കിൽ ഈ പ്രേമം പരിശ്രമത്തെ സമാപ്തമാക്കിക്കോളും**